**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2505** **12-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri. P. Rajeeve (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ബാംബൂ കോർപ്പറേഷന് കീഴിലുള്ള ഫാക്ടറികളിൽ ഇപ്പോഴും ഈറ്റ കിട്ടാത്തതിനാൽ പ്രവർത്തനം നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 17.08.2021 മുതൽ ഈറ്റ വെട്ടാൻ അനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഈറ്റവെട്ട് ആരംഭിയ്ക്കുകയും പ്രൊഡക്ഷൻ ആരംഭിയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഫാക്ടറികൾക്ക് ആവശ്യമായ ഈറ്റ ലഭിക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. കഴിഞ്ഞ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസം ക്ലോഷർ പിരീയഡ് ആയതിനാൽ വനം വകുപ്പിൽ നിന്നും ഈറ്റ വെട്ടാൻ അനുവാദം ലഭിച്ചിരുന്നില്ല. 17.08.2021 മുതൽക്കാണ് ഈറ്റ വെട്ടാൻ ഉത്തരവ് നൽകിയത് പ്രകാരം 7500 ടൺ പത്തനംതിട്ടയിൽ നിന്നും ബാക്കി 2500 മെട്രിക് ടൺ പൂയംകുട്ടി, ഇടമലയാർ, ചാലക്കുടി എന്നിവിടങ്ങളിൽ നിന്നുമാണ് ലഭിച്ചിരിയ്ക്കുന്നത്. ഇതിൽ ചാലക്കുടി, പൂയംകുട്ടി മേഖലയിൽ പനമ്പ് നെയ്യുന്നതിനാവശ്യമായ ഈറ്റയാണ് ലഭിയ്ക്കുന്നത്. എന്നാൽ പത്തനംതിട്ടയിൽ നിന്നും ലഭിയ്ക്കുന്ന ഈറ്റ പനമ്പ് നെയ്യുന്നതിനാവശ്യമായ ഈറ്റ അല്ല. ഇത് പ്രധാനമായും കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിയ്ക്കാൻ കഴിയുന്ന ഈറ്റയാണ്. ഇപ്പോൾ ലഭ്യമായ ഇടമലയാർ, പൂയംകുട്ടി, ചാലക്കുടി ഈറ്റ അങ്കമാലിയിലുള്ള വിവിധ നെയ്ത്ത് കേന്ദ്രങ്ങളിൽ നൽകി വരുന്നുണ്ട്. ഒക്ടോബർ മാസം അവസാനത്തോട് കൂടി എല്ലാ നെയ്ത്ത് കേന്ദ്രങ്ങളിലും ഈറ്റ എത്തിയ്ക്കുവാൻ സാധിയ്ക്കുമെന്ന് പ്രതീക്ഷിയ്ക്കുന്നു. |
| (സി) | മൂന്നാർ വനം ഡിവിഷനിൽ നിന്നും ഈറ്റ ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | മൂന്നാർ വനം ഡിവിഷനിൽ നിന്നും ഈറ്റ ലഭിച്ച് തുടങ്ങിയിട്ടുണ്ട്. |
| (ഡി) | ചാലക്കുടി, മലയാറ്റൂർ, പത്തനംതിട്ട എന്നീ വനം ഡിവിഷനുകളിൽ നിന്നും ഈറ്റ ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | ഉണ്ട്. പത്തനംതിട്ട മേഖലയിൽ നിന്നും 7500 മെട്രിക് ടൺ ഈറ്റ വെട്ടുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. 7 ലോഡ് (35 മെട്രിക് ടൺ) ഈറ്റ വെട്ടി എടുക്കുകയും, ഇതിൽ 4 ലോഡ് (20 മെട്രിക് ടൺ) കൊട്ട, മുറം നെയ്യുന്ന തൊഴിലാളികൾക്ക് നല്കുകയും, ബാക്കി |

| | | | |
|---|---|---|---|
| | | | വരുന്ന 3 ലോഡ് (15 മെട്രിക് ടൺ) ഈറ്റ തിരുവനന്തപുരത്തുള്ള വെളിയന്നൂർ, നെടുമങ്ങാട് എന്നീ ഡിപ്പോകളിലും, കുട്ടറ, ചായ്ക്കുളം എന്നീ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളിലും തൊഴിലാളികൾക്ക് എത്തിച്ചു നൽകിയിട്ടുണ്ട്. ഇടമലയാർ മേഖലയിൽ നിന്നും 150 മെട്രിക് ടൺ ഈറ്റ വെട്ടുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ തൊഴിലാളികൾ ഡാമിൽ കൂടി 15 കിലോമീറ്ററുകളോളം ചങ്ങാടത്തിൽ സഞ്ചരിച്ചാണ് കാട്ടിൽ ഈറ്റ ശേഖരിക്കാൻ പോകുന്നത്. ഇതിനായ് ഇവർ 15 ദിവസത്തോളം വനത്തിൽ താമസിച്ചിട്ടാണ് ഈറ്റയുമായി തിരിച്ചു വരുന്നത്. ചാലക്കുടി മേഖലയിൽ നിന്നും 750 മെട്രിക് ടൺ ഈറ്റ വെട്ടുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഈറ്റ വെട്ടുന്നതിനുള്ള അനുമതി ലഭിച്ചതിനു ശേഷം 4 ലോഡ് ഈറ്റ തൊഴിലാളികൾ വെട്ടിവച്ചതിൽ 1 ലോഡ് (5 മെട്രിക് ടൺ) അങ്കമാലി ഭാഗത്തുള്ള നെയ്ത്ത്ശാലകളിൽ തൊഴിലാളികൾക്ക് എത്തിച്ചു കൊടുത്തിട്ടുണ്ട്. |
| (ഇ) | ബാംബൂ കോർപ്പറേഷനിൽ പണിയെടുക്കുന്ന തൊഴിലാളി കുടുംബങ്ങൾ കോവിഡ് കാലത്ത് ബുദ്ധിമുട്ട് അനുഭവിക്കുന്നത് കണക്കിലെടുത്ത് ഈറ്റ ലഭ്യമാക്കുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) | കോവിഡ് 19 മഹാമാരിയുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് കീഴിൽ പ്രവർത്തിക്കുന്ന പനമ്പ് നെയ്ത്ത് തൊഴിലാളികൾക്കും ഈറ്റവെട്ട് തൊഴിലാളികൾക്കും ഈറ്റ, തഴ, മുള, ചൂരൽ, കാട്ടുവള്ളി ക്ഷേമനിധി ബോർഡ് വഴിയാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നത്. ഈറ്റ, തഴ, മുള, ചൂരൽ, കാട്ടുവള്ളി ക്ഷേമനിധി ബോർഡ് വഴി ബാംബൂ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് 1000 രൂപ വച്ച് ധനസഹായം നൽകി വരുന്നുണ്ട്. കൂടാതെ കോർപ്പറേഷൻ തൊഴിലാളികൾക്ക് അഡ്വാൻസ് ആയി 1000 രൂപ പ്രകാരം നൽകിയിരുന്നു. മുൻ കാലങ്ങളിലെ ഡി എ കുടിശ്ശിക ഇനത്തിൽ നല്കുവാനുണ്ടായതിൽ 15 മാസത്തെ കുടിശ്ശിക 3.96 കോടി രൂപയും, ഓണത്തോടനുബന്ധിച്ച് ഇൻസെന്റീവ് ഇനത്തിൽ 1.50കോടി രൂപയും ഈ തൊഴിലാളികൾക്ക് നൽകാൻ സാധിച്ചിട്ടുണ്ട്. ബാക്കി നൽകുവാനുള്ള ഡി.എ കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിത പ്പെടുത്തി വരുന്നു. ഡി.എ ഇനത്തിൽ ഏകദേശം 50,000/- രൂപ വരെ ഒരു തൊഴിലാളിയ്ക്ക് ലഭിച്ചിട്ടുണ്ട്. ആയത് ഒരു പരിധി വരെ തൊഴിലാളികൾക്ക് ഈ കോവിഡ് കാലത്ത് ഉപകാരപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ